## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5957  28.10.2011-ൽ മറുപടി നൽകേണ്ടതാണ്**

## വനിതാ ജീവനക്കാരെ അപമാനിച്ചതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഇപ്പോഴത്തെ ഫയർ ആന്റ് റെസ്ക്യൂ ചീഫ് തന്റെ ആഫീസിലെ വനിതാ ജീവനക്കാരെ മുറിയിൽ വിളിച്ചുവരുത്തി അസഭ്യങ്ങൾ പറഞ്ഞ് അപമാനിച്ചതിനെതിരെ 27.7.2011-ൽ പ്രസ്തുത ആഫീസിലെ ജീവനക്കാർ ഹോം സെക്രട്ടറിയ്ക്ക് നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു ; | : (എ) പ്രസ്തുത തീയതിയിൽ അങ്ങിനെ ഒരു പരാതി ലഭിച്ചിട്ടില്ല. |
| (ബി) കുറ്റാരോപണ വിധേയരായ 68 പോലീസുകാർക്കെതിരെ നടപടി എടുത്തതിൽ ഇദ്ദേഹം ഉൾപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ ; | : (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) പ്രസ്തുത ഓഫീസറെ അവിടെ നിന്ന് മാറ്റി നിർത്തി അന്വേഷണം നടത്തുവാൻ മാസങ്ങൾക്ക് ശേഷവും തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | : (സി) ബാധകമല്ല. |

(മറുപുറം)

| | |
|---|---|
| (ഡി) പ്രസ്തുത ഓഫീസിൽ സ്ത്രീ ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങളും കൈയ്യേറ്റങ്ങളും തടയുന്നതിനുള്ള സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; കമ്മിറ്റി രൂപീകരിക്കാത്തതിന് എതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ